# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2452** **18.12.2012- ൽ മറുപടിക്ക്**

**കൈത്തറി സംഘങ്ങൾ, ഹാൻടെക്സ് പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശശി | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി സംഘങ്ങളുടെയും ഹാന്റക്സിന്റെയും പുനരുജ്ജീവനത്തിനും ശാക്തീകരണത്തിനുമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതും 30.12.2012-ൽ കാലാവധി അവസാനിക്കുന്നതുമായ 3884 കോടി രൂപയുടെ റിവൈവൽ, റിഫോം, റിസ്ട്രക്ചറിംഗ് പദ്ധതി പ്രകാരം ഇതുവരെ എത്രകോടി രൂപ സംസ്ഥാനത്തിന് ലഭ്യമാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ആദ്യഘട്ടമായി 25.73 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | കൈത്തറി വ്യവസായത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ 3884 കോടി രൂപയിൽ 500 കോടി രൂപയുടെ വിഹിതമെങ്കിലും ലഭ്യമാക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ ഓരോ കമ്മിറ്റിയും എത്ര പ്രാവശ്യം യോഗം ചേർന്നെന്നും പദ്ധതി തുക സംസ്ഥാനത്തിന് ലഭ്യമാക്കാനുള്ള തടസ്സങ്ങൾ നീക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തിൽ, സ്റ്റേറ്റ് ലെവൽ ഇംപ്ലിമെന്റേഷൻ, മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിയും, ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ലെവൽ ഇംപ്ലിമന്റേഷൻ മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ആകെ 5 എസ്.ഐ.എം.ആർ.സി - മീറ്റിംഗും, 14 ഡി.ഐ.എം. ആർ.സി മീറ്റിംഗും കൂടിയിട്ടുണ്ട്.<br>സ്പെഷ്യൽ ആഡിറ്റ് പൂർത്തിയാക്കിയ സംഘങ്ങളുടെ അർഹതപ്പെട്ട തുക ഡി.ഐ.എം.ആർ.സി അംഗീകരിക്കുകയും, ഡി.ഐ.എം.ആർ.സി -യിൽ പരിഹരിക്കാനാകാത്ത ഘടകങ്ങൾ എസ്.ഐ.എം.ആർ. സി -യിൽ പരിഹരിച്ച്, നാഷണൽ ഇംപ്ലിമെന്റേഷൻ, മോണിറ്ററിംഗ് ആന്റ് റിവ്യൂ കമ്മിറ്റിയുടെ അംഗീകാരത്തിന് അയയ്ക്കുകയും ചെയ്യുന്നു. പരമാവധി സംഘങ്ങൾക്കും നിലവിലുള്ള ആനുകൂല്യം ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.